## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4127 | 12.11.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. റീഫണ്ടും വാറ്റ് നികുതി കുടിശ്ശികയും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.പി. അനിൽ കുമാർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നിലവിൽ വന്നതിനെ തുടർന്ന് 2017 ജൂൺ 30 വരെയുള്ള വാറ്റ് നികുതി കുടിശ്ശികയിൽ കേന്ദ്ര ജി.എസ്.ടി. വകുപ്പ് ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എന്തൊക്കെ ഇളവുകളാണ് പ്രഖ്യാപിച്ചത്; | (എ) | കേന്ദ്ര ചരക്കുസേവന നികുതി വകുപ്പ് വാറ്റ് നികുതി കുടിശ്ശികയ്ക്ക് ഇളവുകൾ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ ആംനസ്റ്റി പദ്ധതി നടപ്പിലാക്കി പലിശ, പിഴ എന്നിവയിൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. റീഫണ്ട് ഇനത്തിൽ ചെറുകിട ഇടത്തരം സംരംഭകർക്ക് തുക ലഭിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ലഭിച്ച 3903 റീഫണ്ട് അപേക്ഷകളിൽ 3001 അപേക്ഷകൾ തീർപ്പാക്കുകയുണ്ടായി. ചില കേസുകളിൽ വ്യാപാരികൾ ആവശ്യമായ രേഖകൾ യഥാസമയം സമർപ്പിക്കുവാനുണ്ടായ കാലതാമസം കാരണമാണ് റീഫണ്ട് പ്രോസസ്സ് ചെയ്യുന്നതിന് താമസമുണ്ടായത്. |
| (സി) | എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 23-08-2019 വരെ ലഭിച്ച എല്ലാ അപേക്ഷകളും അടിയന്തരമായി തീർപ്പ കൽപ്പിക്കുന്നതിനും തുടർന്ന് ലഭിക്കുന്ന അപേക്ഷകൾ 60 ദിവസത്തിനകം തീർപ്പാക്കുന്നതിനും എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ